# പതിനാലാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി IV

## (വ്യവസായവും ധാതുക്കളും)

### 2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരമുള്ളത്]

2018 ജൂൺ 21-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി IV
# (വ്യവസായവും ധാതുക്കളും)

**2017-2018 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

1154/2018.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി IV

## വ്യവസായവും ധാതുക്കളും

## (2016-2018)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. എ. സി. മൊയ്തീൻ

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ഡോ. ടി. എം. തോമസ് ഐസക്,

ധനകാര്യവും കയറും വകുപ്പുമന്ത്രി.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. ആന്റണി ജോൺ

പ്രൊഫ. കെ. യു. അരുണൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. ഹൈബി ഈഡൻ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. സുരേഷ്കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഡി. കൃഷ്ണൻകുട്ടി, അണ്ടർ സെക്രട്ടറി.

# അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2017 ഏപ്രിൽ 25-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ 20-12-2017, 24-4-2018, 30-5-2018 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു.

2018 ജൂൺ 19-ന് ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2018 ജൂൺ 19.

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

# റിപ്പോർട്ട്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി IV-ന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൽ വ്യവസായ വകുപ്പിനെ സംബന്ധിക്കുന്ന 51 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ വ്യവസായ വകുപ്പിൽ നിന്നും ലഭ്യമായ നടപടി പത്രികകൾ 20-12-2017, 24-4-2018, 30-5-2018 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു.

2017-2018-ലെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും ഭാഗം I ആയും മറുപടി ലഭിക്കാനുള്ള ശിപാർശകളെ സംബന്ധിച്ച വിവരം ഭാഗം II ആയും ചേർത്തിരിക്കുന്നു.

## ഭാഗം I

## 2017-2018-ലെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

### ശിപാർശ

കൈത്തറി അപ്പക്സ് സ്ഥാപനങ്ങളായ ഹാൻടെക്സിന്റെയും ഹാൻവീവിന്റെയും പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെയും 2014 മുതലുള്ള റിബേറ്റ് കുടിശ്ശിക നൽകുന്നതിനും 2017-18 സാമ്പത്തിക വർഷത്തെ റിബേറ്റ് നൽകുന്നതിനുമായി 2017-2018 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോധ്യമായതിനാൽ 1000 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

### സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും, ഹാൻടെക്സ്, ഹാൻവീവ് എന്നിവയ്ക്കും 2851-00-103-95-33 (NP) എന്ന ശീർഷകത്തിൽ 6 കോടി രൂപ വകയിരുത്തിയിരുന്നു. 2013-14 മുതലുള്ള റിബേറ്റ് കുടിശ്ശിക അനുവദിക്കുന്നതിന് ഈ തുക അപര്യാപ്തമായതിനാൽ 2017-18 സാമ്പത്തിക വർഷം റിബേറ്റ് കുടിശ്ശിക തീർക്കുന്നതിലേക്കായി 3.63 കോടി രൂപ കൂടി അധിക ധനവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

1154/2018.

<u>ശിപാർശ</u>

നിലവിലുള്ള ഡി.എ./ഡി.പി. കളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി പദ്ധതികൾ കേന്ദ്രസഹായത്തിന് സമർപ്പിച്ചിരുന്നതായും രണ്ടെണ്ണത്തിന് അംഗീകാരം ലഭിച്ചതായും എന്നാൽ സംസ്ഥാന വിഹിതമായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. പൂവൻതുരുത്തും എടയാറുമുള്ള രണ്ട് പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകാൻ തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത പദ്ധതികൾക്കുവേണ്ടി സംസ്ഥാന വിഹിതമായി 400 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള വികസന ഏരിയ/വികസന പ്ലോട്ടുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി കേന്ദ്രസഹായം ലഭ്യമാക്കുന്നതിന് 9 പ്രോജക്ടുകൾ സമർപ്പിച്ചതിൽ 2 പദ്ധതികൾക്ക് 2016-17 വർഷത്തിൽ അംഗീകാരം ലഭിക്കുകയുണ്ടായി. എറണാകുളം ജില്ലയിലെ എടയാർ, കോട്ടയം ജില്ലയിലെ പൂവൻതുരുത്ത് എന്നീ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. എടയാർ പദ്ധതിയ്ക്ക് 9.68 കോടി രൂപയും പൂവൻതുരുത്ത് പദ്ധതിയ്ക്ക് 10 കോടി രൂപയുമാണ് ആകെ ചെലവ്. ഇവയുടെ സംസ്ഥാന വിഹിതം യഥാക്രമം 3.87 കോടി രൂപയും 4 കോടി രൂപയുമാണ്. പൂവൻതുരുത്ത് പദ്ധതിയുടെ സംസ്ഥാന വിഹിതമായ 4 കോടി രൂപ 2016-17-ൽ വിതരണം ചെയ്യുകയുമുണ്ടായി. എടയാർ പദ്ധതിയുടെ സംസ്ഥാന വിഹിതമായി 3.87 കോടി രൂപ നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിന്നും വിതരണം ചെയ്യാൻ കഴിയുന്നതാണ്. ഇവയുടെ കേന്ദ്ര വിഹിതമായ 11.8 കോടി രൂപ ലഭിക്കാനുമുണ്ട്.

<u>ശിപാർശ</u>

പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡിന്റെ ഓഫീസ് വാടക, യാത്രാ ചെലവുകൾ, വൈദ്യുതി ചാർജ്ജ്, ശമ്പളവും മറ്റ് ആനുകൂല്യങ്ങൾ തുടങ്ങിയ ഭരണപരമായ ചെലവുകൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 203 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

നോൺ പ്ലാൻ ഇനത്തിൽ 203 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന സമിതിയുടെ ശിപാർശ ഈ സാമ്പത്തിക വർഷം നടപ്പാക്കിയിട്ടില്ല.

ശിപാർശ

മലമ്പുഴ, ചുള്ളിയാർ, വാളയാർ തുടങ്ങിയ അണക്കെട്ടുകളിൽ നിന്നും ചെളിയും മണലും നീക്കം ചെയ്ത് മണൽ വേർതിരിച്ചെടുത്ത് അണക്കെട്ടിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ സഹകരണത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയ്ക്ക് ഏകദേശം 17.50 കോടി രൂപ മൂലധന ചെലവും 30.75 കോടി രൂപ വരവും 23.02 കോടി രൂപ റവന്യൂ ചെലവും 7.73 കോടി രൂപ മിച്ചവും പ്രതീക്ഷിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1700 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

ശിപാർശ

ധാതു മണൽ ഖനനത്തിനായി കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 300 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

ശിപാർശ

ആഴക്കടലിൽ നിന്നും നിർമ്മാണ പ്രവർത്തനത്തിനുള്ള മണൽ ഖനനം ചെയ്യുന്നതിനുള്ള കേരള സംസ്ഥാന മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതിയുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണത്തിനാവശ്യമായ മണൽ, കടലിൽ നിന്ന് വേർതിരിച്ച് എടുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ എന്ന സ്ഥാപനം കൊല്ലം, പൊന്നാനി തീരപ്രദേശങ്ങളിൽ പഠനം നടത്തിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇപ്രകാരം വേർതിരിച്ചെടുക്കുന്ന മണൽ എല്ലാത്തരം ഉപയോഗങ്ങൾക്കും ഇൻഡ്യൻ ഗുണനിലവാര സ്റ്റാന്റേർഡ് പ്രകാരം അനുയോജ്യമായതിനാൽ പ്രാരംഭ പഠന ചെലവിനായി 300 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

ഖണ്ഡിക 30, 31, 32 എന്നിവയിന്മേൽ സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുക ഒന്നും തന്നെ കെംഡെലിന് അനുവദിച്ചിട്ടില്ല.

ശിപാർശ

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ വൈവിധ്യവൽക്കരണത്തിനും, അത്യാവശ്യം യന്ത്രസാമഗ്രികളുടെ പുനഃസ്ഥാപനത്തിനും പ്രവർത്തന മൂലധനം

കണ്ടെത്തുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി 3500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

## സ്വീകരിച്ച നടപടി

അധികമായി ശിപാർശ ചെയ്ത 3500 ലക്ഷം രൂപ അനുവദിച്ചിട്ടില്ല.

## ശിപാർശ

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ മലിനീകരണ നിയന്ത്രണ ഉപകരണം ഇറക്കുമതി ചെയ്ത വകയിൽ അടയ്ക്കേണ്ട ഇറക്കുമതി തീരുവയും പലിശയും ഉൾപ്പെടെ ഡി.ജി.എഫ്.റ്റി. കമ്പനിക്ക് നൽകിയ ഡിമാന്റ് നോട്ടീസ് പ്രകാരം 35 കോടി രൂപ അടിയന്തരമായി അടയ്ക്കേണ്ടതാണെന്നും പ്രസ്തുത ആവശ്യത്തിലേയ്ക്ക് ഗവൺമെന്റിൽ നിന്ന് ധനസഹായം നൽകുമെന്ന് ജി.ഒ. (എംഎസ്.) നമ്പർ 67/2011/ഐ.ഡി. തീയതി 3-3-2011 പ്രകാരം ഉത്തരവ് നിലവിലുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 3500 ലക്ഷം രൂപ പദ്ധതിയേതര വിഹിതമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

## സ്വീകരിച്ച നടപടി

മലിനീകരണ നിയന്ത്രണ ഉപകരണം ഇറക്കുമതി ചെയ്തത് സംബന്ധിച്ചുള്ള വിജിലൻസ് അന്വേഷണം പൂർത്തിയാകാത്തതിനാൽ ഡി.ജി.എഫ്.റ്റി. യ്ക്ക് നൽകേണ്ട 3500 ലക്ഷം രൂപ അനുവദിക്കുവാൻ സാധിച്ചിട്ടില്ല.

## ശിപാർശ

കോട്ടയം ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന് പുതിയ ഗ്രേ സിമന്റ് ഗ്രൈന്റിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് 10 കോടി രൂപയും നിലവിലുള്ള യന്ത്രസാമഗ്രികളുടെ നവീകരണത്തിന് 5.19 കോടി രൂപയും വെള്ള ക്ലിങ്കർ ഇറക്കുമതി ചെയ്യുന്നതിനും ഗ്രാറ്റുവിറ്റി കുടിശ്ശികയുടെ തിരിച്ചടവിനും വേണ്ടി, പ്രവർത്തന മൂലധനമായി 17 കോടി രൂപയും ആവശ്യമുള്ളതായി സമിതി വിലയിരുത്തുന്നു. പ്രസ്തുത ആവശ്യങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2219 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സ്വീകരിച്ച നടപടി</u>

അധിക തുകയായ 2219 ലക്ഷം രൂപയിൽ പ്രവർത്തന മൂലധനമായി 5 കോടി രൂപ 31-8-2017-ലെ സ.ഉ.(സാധാ.) നമ്പർ 1270/17/വ്യവ. പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

കെ.എസ്.ഡി.പി. യിൽ ജി.എം.പി. നിലവാരമുള്ള പുതിയ നോൺ ബീറ്റലാക്ടം പ്ലാന്റ് സ്ഥാപിക്കുന്നതിനും ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ രോഗികൾക്കുള്ള പ്രത്യേക മരുന്ന് ഉല്പാദനത്തിനും വേണ്ടി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

കെ.എസ്.ഡി.പി.യ്ക്ക് ജി.എം.പി. നിലവാരമുള്ള പുതിയ നോൺ ബീറ്റാലാക്ടം പ്ലാന്റ് സ്ഥാപിക്കുന്നതിനും ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ രോഗികൾക്കുള്ള പ്രത്യേക മരുന്ന് ഉല്പാദനത്തിനും വേണ്ടി ബഡ്ജറ്റ് വിഹിതമായ 1815 ലക്ഷം രൂപയ്ക്ക് പുറമെ സമിതി ശിപാർശ ചെയ്ത 1000 ലക്ഷം രൂപ 10-8-2017-ലെ സ.ഉ.(സാധാ.) നമ്പർ 1159/2017/വ്യവ. പ്രകാരം അധികമായി ലഭ്യമാക്കിയിട്ടുണ്ട്. മൂന്നു മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്ന രീതിയിൽ പ്രവർത്തനം മുന്നോട്ട് പോകുന്നു.

<u>ശിപാർശ</u>

ട്രാക്കോ കേബിൾ കമ്പനിയുടെ ഉല്പ്പാദനശേഷി കൂട്ടുന്നതിനായി സർക്കാരിൽ നിന്ന് നൽകിയ 4.33 കോടി രൂപ ഉപയോഗിച്ച് പുതിയ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞതായും ഉല്പാദനം വർദ്ധിപ്പിക്കേണ്ടി വരുമ്പോൾ സ്വാഭാവികമായും കൂടുതൽ പ്രവർത്തന മൂലധനം ആവശ്യമായി വരുമെന്നും സമിതി മനസ്സിലാക്കുന്നു. ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

<u>സ്വീകരിച്ച നടപടി</u>

ട്രാക്കോ കേബിൾ കമ്പനിയ്ക്ക് പ്രവർത്തന മൂലധനമായി 300 ലക്ഷം രൂപ 31-8-2017-ലെ സ.ഉ.(സാധാ.) നമ്പർ 1279/17/വ്യവ. പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

ശിപാർശ

കെൽ, കണ്ടറ യൂണിറ്റിന്റെ സമഗ്ര പുനരുദ്ധാരണത്തിനും യൂണിറ്റിൽ നിലവിലുള്ള അധിക ജീവനക്കാരെ പുനർവിന്യസിക്കുന്നതിനുമായി പഠിച്ച് റിപ്പോർട്ട് നൽകുവാൻ കമ്പനി M/s KITCO-യെ ചുമതലപ്പെടുത്തിയതനുസരിച്ച് അവർ നൽകിയ റിപ്പോർട്ട് ഗവൺമെന്റ് അനുമതിക്കായി സമർപ്പിക്കുകയും ഗവൺമെന്റ് നടത്തിയ വിദഗ്ധ ചർച്ചയുടെ അടിസ്ഥാനത്തിൽ മേൽ റിപ്പോർട്ടിൽ ഭേദഗതി വരുത്തുകയും ആയതിൻപ്രകാരം കെൽ, കണ്ടറ യൂണിറ്റിന്റെ പുനരുദ്ധാരണത്തിനുമായി പ്രൊപ്പോസൽ ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യത്തിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 960 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

കെൽ, കണ്ടറ യൂണിറ്റിന്റെ സമഗ്ര പുനരുദ്ധാരണത്തിനായി 3-8-2017-ലെ സ.ഉ.(സാധാ.) നമ്പർ 1120/2017/വ്യവ. പ്രകാരം 9 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ശിപാർശ

കെൽ, കണ്ടറ യൂണിറ്റിന് 17 കോടി രൂപയുടെ ഓർഡർ കൈവശമുണ്ടെന്നും എന്നാൽ ഉല്പാദനം, പ്ലാനനുസരിച്ച് ചെയ്തുതീർക്കാൻ അസംസ്കൃത വസ്തുക്കൾ വിലയ്ക്ക് വാങ്ങേണ്ടതും ഈ യൂണിറ്റിന്റെ സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് കുടിശ്ശിക തിരിച്ചടക്കേണ്ടതുമുണ്ടെന്നും അതനുസരിച്ച് പ്രവർത്തന മൂലധനത്തിനായി 5 കോടി രൂപയും സ്റ്റാറ്റ്യൂട്ടറി കുടിശ്ശിക തിരിച്ചടയ്ക്കുന്നതിനായി 5 കോടി രൂപയും ഉൾപ്പെടെ ആകെ 10 കോടി രൂപയുടെ സാമ്പത്തിക സഹായത്തിനായി കമ്പനി സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യത്തിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 1000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സ്വീകരിച്ച നടപടി

സ്റ്റാറ്റ്യൂട്ടറി കുടിശ്ശിക തിരിച്ചടയ്ക്കുന്നതിനായി 100 ലക്ഷം രൂപയും പ്രവർത്തന മൂലധനമായി 500 ലക്ഷം രൂപയും 2017-18-ൽ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2003-04 കാലഘട്ടത്തിൽ കെല്ലിൽ നിന്നും Voluntary Retirement Scheme (VRS) പ്രകാരം പിരിഞ്ഞുപോയവർക്ക് കൊടുക്കുവാനുള്ള സാലറി അരിയേഴ്സ് നല്കുവാൻ ബഹു. സുപ്രീംകോടതി ഉത്തരവായിരുന്നെന്നും അതനുസരിച്ച് 89 ലക്ഷം രൂപ സർക്കാർ ഉത്തരവു പ്രകാരം തൽക്കാലം നൽകിയത് എടരിക്കോട് യൂണിറ്റിന്റെ പ്രോജക്ട് ഫണ്ടിൽ നിന്നുമാണെന്നും പിന്നീട് മേൽപ്പറഞ്ഞവർക്ക് 2003-04 കാലഘട്ടത്തിലെ ബോണസ് ആവശ്യപ്പെട്ടത് ലേബർ കമ്മീഷണറുടെ നോട്ടീസ് പ്രകാരം 5,92,000 രൂപ നൽകേണ്ടതായി വന്നിട്ടുണ്ടെന്നും കൂടാതെ ബഹു. കൊല്ലം ലേബർ കോടതി/ ബഹു. സുപ്രീം കോടതിയുടെ ഉത്തരവുപ്രകാരം 16 ക്യാന്റീൻ തൊഴിലാളികളെ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും അവർക്ക് മുൻകാല വേതന തുകയിൽ നിന്നും ഒരു ലക്ഷം രൂപ വീതം ഇടക്കാലാശ്വാസമായി കൊടുക്കുവാൻ ബഹു. കോടതി ഉത്തരവായെന്നും ഈ വകയിൽ 16 ലക്ഷം രൂപ കൊടുത്തുതീർത്തിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആകെ തുകയായ 110.92 ലക്ഷം രൂപ കമ്പനിയുടെ പ്രവർത്തനമൂലധനത്തിൽ നിന്നും എടരിക്കോട് യൂണിറ്റിന്റെ പ്രോജക്ട് ഫണ്ടിൽ നിന്നുമാണ് നൽകിയിട്ടുള്ളതെന്നും പ്രസ്തുത തുക തിരിച്ചു ലഭിച്ചാൽ മാത്രമേ ഈ യൂണിറ്റിനാവശ്യമായ മെഷീനറികൾ വാങ്ങി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുവാൻ സാധിക്കുകയുള്ളൂ എന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത ആവശ്യത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 111 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

കെൽ, കുണ്ടറ യൂണിറ്റിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 2010-11 സാമ്പത്തിക വർഷം Steel & Industrial Forgings Ltd. (SIFL)-ൽ നിന്നും ബ്രിഡ്ജ് ലോൺ ആയി സർക്കാർ അനുമതിയോടുകൂടി കിട്ടിയ തുക തിരിച്ചടക്കുവാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 300 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

തുക അനുവദിച്ചിട്ടില്ല.

ശിപാർശ

കെല്ലിന്റെ മാമല, കുണ്ടറ, എടരിക്കോട്, ഒലവക്കോട് എന്നീ നാല് യൂണിറ്റുകളെയും ഏകോപിപ്പിച്ചുകൊണ്ട് ERP- സോഫ്റ്റ്‌വെയർ സ്ഥാപിച്ച് കേന്ദ്രീകൃത ബിസിനസ്

ഡെവലപ്പ്മെന്റ് സെന്ററും കേന്ദ്രീകൃത ഡിസൈൻ ഡെവലപ്പ്മെന്റ് സെന്ററും കമ്പനിയുടെ കൊച്ചിയിലെ കോർപ്പറേറ്റ് ഓഫീസിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇത് നടപ്പിലായാൽ 2020-21 കാലഘട്ടമാകുമ്പോൾ കമ്പനിയുടെ വിറ്റുവരവ് 600 കോടി രൂപയാകുമെന്നാണ് പ്രതീക്ഷ. കേന്ദ്രീകൃത ബിസിനസ് സെന്റർ സ്ഥാപിക്കുന്നതിന് 30 ലക്ഷം രൂപയും ഡിസൈൻ ഡവലപ്പ്മെന്റ് സെന്റർ സ്ഥാപിക്കുന്നതിന് 90 ലക്ഷം രൂപയും ERP സിസ്റ്റം നടപ്പിലാക്കുന്നതിന് 175 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 300 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും പ്രസ്തുത ആവശ്യത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 300 ലക്ഷം രൂപ ഇതിനായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സ്വീകരിച്ച നടപടി</u>

തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കമ്പനിക്ക് എൽ.ഇ.ഡി. വിളക്കുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനും യന്ത്ര സാമഗ്രികളും അനുബന്ധ ഉല്പന്നങ്ങളും വാങ്ങുന്നതിനു വേണ്ടിയുള്ള മൂലധനം, മീറ്റർ നിർമ്മാണ ഷോപ്പിന്റെ പുനരുദ്ധാരണം, എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) നടപ്പിൽ വരുത്തുക എന്നീ ആവശ്യങ്ങൾക്കുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 400 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സ്വീകരിച്ച നടപടി</u>

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കമ്പനിയ്ക്ക് പ്രവർത്തന മൂലധനമായി 250 ലക്ഷം രൂപ 31-8-2017-ലെ സ.ഉ.(സാധാ.) നമ്പർ 1276/17/വ്യവ. പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

കേരള ആട്ടോമൊബൈൽസിന്റെ ഓഫീസ് ബ്ലോക്കിന്റെയും ഫാക്ടറി സമുച്ചയത്തിന്റെയും ആധുനികവൽക്കരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 300 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സ്വീകരിച്ച നടപടി</u>

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത 300 ലക്ഷം രൂപ വിനിയോഗിക്കുന്നത് സംബന്ധിച്ച വിശദമായ പദ്ധതി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശിപാർശ</u>

വിവിധ ഇനം ഇരുമ്പുരുക്ക് കാസ്റ്റിംഗുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനായി 1984-ൽ സംസ്ഥാന സർക്കാർ ആരംഭിച്ച സ്ഥാപനമായ ആട്ടോകാസ്റ്റ് ലിമിറ്റഡിന്റെ മോശമായ സാമ്പത്തിക സ്ഥിതിമൂലം കഴിഞ്ഞ കുറേ കാലയളവിലെ പ്രൊവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, സെൻട്രൽ എക്സൈസ് തുടങ്ങിയ സ്റ്റാറ്റ്യൂട്ടറി തുകകളും സപ്ലയേഴ്സിനുള്ള (suppliers) തുകയും നൽകുവാനുള്ളതായി സമിതി മനസ്സിലാക്കുന്നു. കൂടാതെ കമ്പനിക്ക് ഇപ്പോൾ ഒരു തരത്തിലുള്ള ബാങ്ക് ധനസഹായവും ലഭ്യമല്ലാത്ത സാഹചര്യത്തിൽ അസംസ്കൃത വസ്തുക്കൾ കടം കിട്ടാത്ത അവസ്ഥയിലായതിനാൽ ഫൗണ്ടറി സ്റ്റാൻഡേർഡ് അനുസരിച്ച് മൂന്നുമാസത്തെ അസംസ്കൃത വസ്തുക്കളുടെ കരുതൽ ശേഖരം വയ്ക്കുന്നതിനുള്ള പ്രവർത്തന മൂലധനത്തിന്റെ ആവശ്യമുള്ളതായും സമിതി മനസ്സിലാക്കുന്നു. ഉല്പാദന മേഖലയിലെ ഫാക്ടറി കെട്ടിട സമുച്ചയങ്ങളെല്ലാം 1984-ൽ പണി കഴിപ്പിച്ചവയും കാലപ്പഴക്കം കൊണ്ട് ശോചനീയമായ അവസ്ഥയിലുമാണെന്നും എത്രയും പെട്ടെന്ന് ഈ കെട്ടിട സമുച്ചയങ്ങളുടെ മേൽക്കൂരകളുടെ അറ്റകുറ്റപ്പണികൾ നിർബന്ധമായും ചെയ്യേണ്ട ആവശ്യമുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി 1000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സ്വീകരിച്ച നടപടി</u>

14-8-2017-ലെ സ.ഉ.(സാധാ.) നമ്പർ 1174/2017/വ്യവ. പ്രകാരം ആട്ടോകാസ്റ്റ് ലിമിറ്റഡിന്റെ നവീകരണത്തിനും റയിൽ ബോഗി നിർമ്മാണത്തിനും, സ്റ്റീൽ കാസ്റ്റിംഗ് യൂണിറ്റിന്റെ നവീകരണത്തിനുമുള്ള പദ്ധതി വിഹിതമായി 10 കോടി രൂപ അനുവദിച്ചു. കൂടാതെ കമ്പനിയിലേക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി 23-8-2017-ലെ സ.ഉ.(സാധാ.) നമ്പർ 1204/2017/വ്യവ. നമ്പർ ഉത്തരവ് പ്രകാരം 5 കോടി രൂപ പ്രവർത്തന മൂലധനമായി നൽകിയിട്ടുണ്ട്. 4-10-2017-ലെ സ.ഉ.(സാധാ.) നമ്പർ 1407/2017/വ്യവ. പ്രകാരം അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും പ്ലാൻ ഫണ്ടിന്റെ അപര്യാപ്തമൂലം പ്രസ്തുത തുക നൽകുവാൻ കഴിയാതെ വരുകയും സ.ഉ.(സാധാ.) നമ്പർ 1174/2017/വ്യവ. പ്രകാരം അനുവദിച്ച 10 കോടി രൂപയിൽ നിന്നും 3 കോടി രൂപ പ്രവർത്തന മൂലധനമായി ഉപയോഗിക്കുവാൻ അനുമതി നൽകുകയും ചെയ്തു.

ശിപാർശ

സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് കമ്പനിയുടെ പ്രവർത്തന മേഖല എയ്റോസ്പേസ് രംഗത്തേക്ക് കൂടി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അത്താണിയിൽ ആരംഭിക്കുന്ന ഹീറ്റ് ട്രീറ്റ്മെന്റ് ആന്റ് സ്ട്രെസ്സ് ഡിവിഷൻ, പഴയ ഫർണസ് കേടുപാടുകൾ തീർത്ത് പുതിയതാക്കുക, 16 ടൺ ഹാമ്മർ പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന വൈബ്രേഷൻ പ്രതിരോധിക്കാൻ ആവശ്യമായ വൈബ്രേഷൻ ഡാമ്പനിംഗ് സിസ്റ്റം സ്ഥാപിക്കുക, കേടുവന്ന പഴയ 10 ടൺ ഹാമ്മറിന്റെ ആൻവിൽ മാറ്റുക തുടങ്ങിയ ചെലവുകൾക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ ആവശ്യങ്ങൾക്കായി 980 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത 980 ലക്ഷം രൂപ വിനിയോഗിക്കുന്നത് സംബന്ധിച്ച വിശദമായ പദ്ധതി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ശിപാർശ

ഇലക്ട്രോണിക്സ് വ്യവസായ മേഖലയിലെ പുത്തൻ സാധ്യതകൾ പ്രയോജനപ്പെടുത്തി കെൽട്രോണിന്റെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള ഫാക്ടറി സൗകര്യങ്ങൾ, ഉല്പാദന-പ്രവർത്തന യന്ത്രസാമഗ്രികൾ എന്നിവ നവീകരിക്കേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കരകുളം യൂണിറ്റിൽ പവർ ഇലക്ട്രോണിക്സിന് വേണ്ടിയുള്ള ഉല്പാദന സൗകര്യങ്ങൾ നവീകരിക്കുന്നതിന് 280 ലക്ഷം രൂപയും സ്പേസ് ഇലക്ട്രോണിക്സിനുവേണ്ടിയുള്ള വിപുലീകരണത്തിന് 392 ലക്ഷം രൂപയും മൺവിള യൂണിറ്റിൽ സ്പേസ് ഇലക്ട്രോണിക്സിനുവേണ്ടിയുള്ള മെറ്റീരിയൽ സ്ക്രീനിംഗിനും ലാബിനുമുള്ള സൗകര്യങ്ങൾക്കുമായി 173 ലക്ഷം രൂപയും, അരൂർ യൂണിറ്റിലെ ഉല്പാദന സൗകര്യങ്ങളുടെ നവീകരണത്തിന് 300 ലക്ഷം രൂപയും, അരൂർ യൂണിറ്റിൽ സോളാർ ഫോട്ടോ വോൾട്ടായിക് മൊഡ്യൂളുകളുടെ ഉല്പാദനത്തിനായി 1465 ലക്ഷം രൂപയും ഗ്രിഡ് ടൈ സോളാർ ഇൻവർട്ടറുകൾ ഉല്പാദിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് 500 ലക്ഷം രൂപയും, സ്മാർട്ട് മീറ്റർ നിർമ്മിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് ആദ്യഘട്ടമായി 200 ലക്ഷം രൂപയും, മുടാടി യൂണിറ്റിൽ ഹിയറിംഗ് എയിഡുകളുടെ ഉല്പാദനം വിപുലീകരിക്കുന്നതിന് 110 ലക്ഷം രൂപയും, സോഫ്റ്റ്‌വെയർ ഗ്രൂപ്പിന്റെ വികസന പദ്ധതികൾക്കായി 80 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3500 ലക്ഷം രൂപ ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 2500 ലക്ഷം രൂപ പ്രസ്തുത ആവശ്യത്തിനായി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സ്വീകരിച്ച നടപടി</u>

കെ.എസ്.ഇ.ഡി.സി. ലിമിറ്റഡിന്റെ (കെൽട്രോൺ) പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിവിധ യൂണിറ്റുകളുടെ നിർമ്മാണ സൗകര്യങ്ങളുടെ നവീകരണത്തിനും വികസനത്തിനുമായി 10 കോടി രൂപ ബഡ്ജറ്റ് (2017-18) വിഹിതമായി അനുവദിച്ചു.

സാദ്ധ്യമായ മേഖലകളിൽ കെൽട്രോണിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും, വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും ചുവടെ നൽകിയിട്ടുള്ള പ്രകാരം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കമ്പനിയിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചും ആവശ്യമുള്ളവയുടെ നവീകരണം സാദ്ധ്യമാക്കിയുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്:

| നമ്പർ | പദ്ധതി | യൂണിറ്റ് | മൂല്യം (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | പ്ലാന്റുകളുടെയും പരിശോധന സംവിധാനങ്ങളുടെയും നവീകരണം | കെൽട്രോൺ കൺട്രോൾസ് അരൂർ | 270 |
| 2 | സ്പേസ് ഇലക്ട്രോണിക്സ് സൗകര്യങ്ങളുടെ വികസന പ്രവർത്തനം | കെൽട്രോൺ എക്യുപ്മെന്റ് കോംപ്ലക്സ്, കരകുളം | 392 |
| 3 | സ്പേസ് ഇലക്ട്രോണിക്സ് സംവിധാനങ്ങളുടെ നവീകരണം | കെൽട്രോൺ കമ്മ്യൂണിക്കേഷൻ കോംപ്ലക്സ്, മൺവിള | 73 |
| 4 | സോഫ്റ്റ് വെയർ സേവനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനായി | ഐ.ടി ബിസിനസ്സ് ഗ്രൂപ്പ്, വെള്ളയമ്പലം | 70 |
| 5 | ഡിജിറ്റൽ പ്രോഗ്രാമബിൾ ഹിയറിംഗ് എയ്ഡുകളുടെ നിർമ്മാണത്തിനുള്ള നൂതന യന്ത്ര സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി | കെൽട്രോൺ ലൈറ്റിംഗ് ഡിവിഷൻ, മുടാടി | 109 |
| 6 | ഗ്രിഡ് ടൈ സോളാർ ഇൻവെർട്ടറുകളുടെ സാങ്കേതിക വിദ്യാ വികസനത്തിനായി | പവർ ഇലക്ട്രോണിക്സ് ഗ്രൂപ്പ് കെൽട്രോൺ എക്യുപ്മെന്റ് കോംപ്ലക്സ്, കരകുളം | 86 |

പദ്ധതിയുടെ ആകെ ചെലവ് 1000 ലക്ഷം രൂപ (10 കോടി)

പ്രസ്തുത പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും, തുടർന്ന് ആദ്യ ഗഡുവായി രണ്ട് കോടി രൂപ വർക്കിംഗ് ക്യാപ്പിറ്റൽ ലോണായി നൽകാൻ 8-11-2017-ലെ സ.ഉ.(സാധാ.) നമ്പർ 1538/2017/വ്യവ. പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്.

ശിപാർശ

കേരള ക്ലേയ്സ് ആന്റ് സെറാമിക്സ് പ്രൊഡക്ട്സ് ലിമിറ്റഡിന്റെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി 20 കോടി രൂപയുടെ ഡയറിഫാം പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ ആസൂത്രണ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അനുമതി കൂടി ലഭിക്കേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. 2000 ലക്ഷം രൂപ മൊത്തം ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ 1200 ലക്ഷം രൂപയാണ് ചെലവ് കണക്കാക്കുന്നത്. അതിൽ 200 ലക്ഷം രൂപ കമ്പനി കണ്ടെത്തുന്നതാണെന്നും അടുത്ത രണ്ട് വർഷങ്ങളിൽ 400 ലക്ഷം രൂപ വീതം പദ്ധതി ചെലവ് വരുമെന്നും രണ്ടും മൂന്നും ഘട്ടങ്ങളിലെ പദ്ധതി ചെലവായ 800 ലക്ഷം രൂപ കമ്പനി കണ്ടെത്തേണ്ടതുണ്ടെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതി വിഹിതമായി മേൽ ശീർഷകത്തിൽ 1000 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി കമ്പനിയിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ഡയറിഫാം പദ്ധതിയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് അടിസ്ഥാനമാക്കി കമ്പനിയ്ക്ക് 2018-19-ലെ ബഡ്ജറ്റിൽ 9.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 2017-18-ൽ ഈയിനത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

വ്യവസായ വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്ന കിൻഫ്ര പാർക്കുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൂമി ഏറ്റെടുക്കുന്നതിനും കൂടാതെ മുൻകാലങ്ങളിൽ ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം നല്കുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 204000 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷം സബ്ജക്ട് കമ്മിറ്റി ശിപാർശ അനുസരിച്ച് കിൻഫ്രക്ക് ബഡ്ജറ്റ് വിഹിതത്തിനു പുറമെ 2040 കോടി രൂപ അധിക വിഹിതമായി അനുവദിച്ചിരുന്നു. അതിൽ 2000 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട എൽ.എ.ആർ. തുക തീർപ്പാക്കുന്നതിനായി അനുവദിച്ചിരുന്നെങ്കിലും ഭൂമി ഏറ്റെടുക്കൽ നടപടികൾ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ അവസാന ഘട്ടത്തിലാണ്. ഭൂമി ഏറ്റെടുക്കുന്ന മുറക്ക് മാത്രമേ തുക ആവശ്യമായി വരുന്നുള്ളൂ. ആയതിനാൽ തുക സർക്കാരിൽ നിന്നും അനുവദിച്ചെടുക്കുവാൻ കിൻഫ്രക്ക് സാധിച്ചില്ല

<u>ശിപാർശ</u>

സംസ്ഥാനത്ത് വ്യാവസായികവും ഗാർഹികവുമായ ആവശ്യങ്ങൾക്ക് രൂക്ഷമായ ജലക്ഷാമം നേരിടുന്ന സാഹചര്യത്തിൽ മഴവെള്ളം ഹാർവെസ്റ്റ് ചെയ്യാൻ ഒരു പദ്ധതി ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. കേരളത്തിലെ എല്ലാ വ്യവസായ സ്ഥാപനങ്ങളുടെയും സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങളുടെയടക്കം മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം ഭൂമിയിലേക്ക് ചാർജ്ജ് ചെയ്ത് മഴവെള്ളം സംഭരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 50)

<u>സ്വീകരിച്ച നടപടി</u>

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണി നിർമ്മിക്കുന്നതിന് 3-7-2017-ലെ സ.ഉ.(സാധാ.) നമ്പർ 952/2017/വ്യവ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി. ആസ്ഥാനത്ത് മഴവെള്ളം ഭൂമിയിലേക്ക് ചാർജ്ജ് ചെയ്യാനുള്ള സംവിധാനവും, കൂടാതെ കെ.എസ്.ഐ.ഡി.സി. സാമ്പത്തിക സഹായം നൽകുന്ന സ്ഥാപനങ്ങളിൽ മഴവെള്ളം സംഭരിക്കാൻ ഉതകുന്ന പദ്ധതികൾക്കും വേണ്ട നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ഐ.ഡി.സി.യുടെ സാമ്പത്തിക സഹായത്തോടെ പ്രവർത്തനം ആരംഭിച്ച യൂണിറ്റുകൾ മഴവെള്ളം സംഭരിക്കാൻ ഉതകുന്ന പദ്ധതികൾ നടപ്പിലാക്കിയ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു :

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | മഴവെള്ള സംഭരണി | കപ്പാസിറ്റി (ലി./ലക്ഷം) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | അഗോർസ ഗാർമെന്റ് പ്രൈവറ്റ് ലിമിറ്റഡ് | നടപ്പിലാക്കി | 0.3 |
| 2 | കോണ്ടൂർ ഹോളിഡേ റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | നടപ്പിലാക്കി വരുന്നു | -- |
| 3 | ഹിൽ കൺട്രി ഹോട്ടൽസ് & റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് | നടപ്പിലാക്കി വരുന്നു | -- |
| 4 | ഓക്സി ഫ്ലോ കൺട്രോൾസ് | നടപ്പിലാക്കി | 0.5 |
| 5 | കൈരളി സ്ട്രക്ചറൽ ഫാബ്രിക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ് | നടപ്പിലാക്കി | -- |
| 6 | അവേദ റിസോർട്ട്സ് & സ്പ പ്രൈവറ്റ് ലിമിറ്റഡ് | നടപ്പിലാക്കി | 1.25 |
| 7 | കേരള എൻജിനീയേഴ്സ് ഹോൾഡിങ്ങ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | നടപ്പിലാക്കി | 1 |
| 8 | വി.കെ.സി. ഫുട്ട് വെയർ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് | നടപ്പിലാക്കി | 9.35 |
| 9 | ഫാൽക്കൺ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് | നടപ്പിലാക്കി വരുന്നു | 0.1 |
| 10 | വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ്സ് ലിമിറ്റഡ് | നടപ്പിലാക്കി | 7.00 |
| 11 | അഡ് ലക്സ് മെഡിസിറ്റി & കൺവെൻഷൻ സെന്റർ പ്രൈവറ്റ് ലിമിറ്റഡ് | നടപ്പിലാക്കി | 117 |

<u>ശിപാർശ</u>

പൊതുമേഖലാ സ്ഥാപനങ്ങളിൽ അതത് സാമ്പത്തികവർഷം ഓഡിറ്റിംഗ് കൃത്യമായി നടക്കുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സാമ്പത്തിക വർഷം അവസാനിച്ച് 6 മാസങ്ങൾക്കകം പൊതുമേഖലാ സ്ഥാപനങ്ങൾ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 51)

<u>സ്വീകരിച്ച നടപടി</u>

ഇത് സംബന്ധിച്ച് 14-7-2017-ലെ 169/ഡി1/2017 നമ്പർ കത്ത് പ്രകാരം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി. സാമ്പത്തിക വർഷം 2015-16-ലെ കണക്കുകൾ വരെ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞു. 2016-17-ലെ ഓഡിറ്റ് പുരോഗമിക്കുന്നു. 51-ാം ഖണ്ഡികയിൽ വിവരിക്കുന്നതു പ്രകാരം അതതു സാമ്പത്തിക വർഷം അവസാനിച്ച് ആറ് മാസങ്ങൾക്കകം ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സംവിധാനം ഉറപ്പുവരുത്തിയിട്ടുണ്ട്.

<u>ഭാഗം II</u>

**2017-2018-ലെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകൾ**

| വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|
| വ്യവസായം | 1,3,4,6,15-28 |
| കയർ | 7-14 |

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2018 ജൂൺ 19.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.